# എത്യോപ്യൻ ബഥനി ആശ്രമചരിത്രം

പുനരൈക്യാനന്തരം ബഥനി ആശ്രമസ്ഥർ, അതിന്റെ പുരോഗതിക്കുവേണ്ടിയും, മലങ്കര കത്തോലിക്കാ സഭയുടെ ശാക്തീകരണത്തിനുവേണ്ടിയും പ്രവർത്തിച്ചു വന്നു. ഈ കാലഘട്ടം ബഥനിക്ക് അതിന്റെ സ്വഭാവം തന്നെ നഷ്ടപ്പെട്ടുപോയ ചില കാലയളവായും സമ്മതിക്കേണ്ടിവരും. ബഥനിയുടെ സ്ഥാപന ചൈതന്യത്തിൽ വളരുക, മലങ്കര കത്തോലിക്കാസഭയെ പടുത്തുയർത്തുക എന്ന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചപ്പോൾ രണ്ടാമത്തേത് സാധിച്ചെങ്കിലും ആദ്യലക്ഷ്യത്തിന് പല കാരണങ്ങളാൽ കോട്ടം തട്ടുകയുണ്ടായി.... "ആശ്രമാംഗങ്ങളും നമ്മോടു കൂടി നിസ്വാർത്ഥമായും പരിത്യാഗബുദ്ധിയോടും തീക്ഷ്ണതാപൂർവ്വം സഹകരിച്ചും പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭദിശയിലെ പ്രത്യേക സാഹചര്യങ്ങളിലും ആവശ്യങ്ങളിലും നമുക്കും ആശ്രമസ്ഥർക്കും നേരിടേണ്ടിവന്ന പ്രയാസങ്ങൾമൂലം ആശ്രമത്തിലെ സമൂഹജീവിതക്രമവും മുമ്പിലത്തെപ്പോലെ ഏകാഗ്രതയോടുകൂടി പാലിച്ചുകൊണ്ടു പോകുന്നതിനും പുതുതായി ആളുകളെ സ്വീകരിച്ച് പരിശീലിപ്പിക്കുന്നതിനും അവസരം ലഭിച്ചില്ല." (Mar Ivanios pastoral letter 12 Nov.1946). കാവി ഇട്ടവർ ഇടവക വൈദികരായി പ്രവർത്തിക്കേണ്ടി വന്നു. കാലഘട്ടത്തിന്റെ ആ അനിവാര്യതയെ ബഥനി പൂർവ്വികർ ഏറ്റെടുത്തെങ്കിലും, സ്ഥാപന ലക്ഷ്യത്തിലേക്ക് മുന്നേറുവാനുള്ള പരിശ്രമങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. മലങ്കര കത്തോലിക്കാ സഭയ്ക്ക് ഒരു രൂപവും ഭാവവും നേടിക്കൊടു

ത്തതിനുശേഷം മേൽപ്പറഞ്ഞ ലക്ഷ്യത്തിനുവേണ്ടിയുള്ള ഒരു പ്രയാണം ആശ്രമസ്ഥർ നടത്തുകയുണ്ടായി.

സ്വയം ഭരണസംവിധാനമുള്ള, ജനറലേറ്റ് രൂപീകരണം; ആശ്രമങ്ങളുടെ സംസ്ഥാപനം, കറ്റാനം കോൺഫ്രൻസ്, ആശ്രമസ്ഥരുടെ പഠനമേഖലകൾ മുതലായവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്.

'ദൈവത്തിന് സ്വയം പ്രതിഷ്ഠിച്ച സന്യസ്ഥരിലല്ലാതെ മറ്റാരിലാണ് പൂർണ്ണമായ സുവിശേഷദൗത്യം ക്രിസ്തു ഏൽപ്പിക്കേണ്ടതെന്ന്' ഈവാനിയൻ ദർശനമുള്ള ബഥനി, സുവിശേഷ പ്രഘോഷണ സമൂഹമായിട്ടാണ് സ്ഥാപിക്കപ്പെട്ടത്. ലോകം മുഴുവൻ അതിന്റെ സവിശേഷ കാരിസത്താൽ സുവിശേഷമെത്തിക്കുക എന്ന ബഥനിയുടെ പൊതു ദൗത്യത്തേയും, ഭാരത മക്കളെന്ന നിലയിൽ ഭാരതത്തിനുള്ളിൽ നടക്കേണ്ടുന്ന പ്രത്യേക സുവിശേഷവത്കരണത്തേയും ബഥനി ശിരസ്സാ വഹിച്ച് അതിനൊരു പുതുജീവൻ നൽകാൻ 'ജ്യോതിർ ഭവന്തു ലോക നാം" എന്ന ആദർശം സ്വീകരിച്ച് മുന്നോട്ടുവന്നു. കത്തോലിക്കാ സഭാ പ്രവേശനം, രണ്ടാം വത്തിക്കാൻ ദർശനം എന്നിവയുടെയൊക്കെ പിൻബലത്താൽ മാർ ഈവാനിയോസിന്റെ 'മിശിഹാനുകരണ സന്യാസ ദർശനത്തിന്റെ സാർവ്വ ജനീന ഭാവത്തെ പൊടി തുടച്ചെടുക്കുകയായിരുന്നു ആശ്രമസ്ഥർ.

ഈ ദർശനത്താൽ വളർന്ന് ശിഖിരം പ്രാപിച്ചുകൊണ്ടിരുന്ന ബഥനി ആശ്രമ പ്രസ്ഥാനം അതിന്റെ 1992-ൽ നടന്ന സിനാക്സിസ് മുന്നോട്ടുവച്ച ഒരു ആശയമാണ് ആഫ്രിക്കൻ മിഷ്യൻ. "ഒരു വ്യക്തിഗത സഭയിലുള്ള സമർപ്പണം വഴി

യേശുക്രിസ്തുവിന്റെ സഭയ്ക്കായി നാം നമ്മെത്തന്നെ സമർപ്പിക്കുകയാണ്. സാർവത്രിക സഭയോടു നാം ഒന്നായിരിക്കുന്നു എന്ന ബോദ്ധ്യം നമുക്കുണ്ടായിരിക്കണം. ആവശ്യ പ്പെടുമ്പോഴും ആവശ്യപ്പെടുന്നതു പോലെയും, അതിന് ശുശ്രൂഷ ചെയ്യാൻ നാം സന്നദ്ധരായിരിക്കണം." (Holy Rule 204/v, perfectae caritatis No.20) എന്നാൽ ദർശനത്താൽ വിപുലമെങ്കിലും ആളിലും അർത്ഥത്തിലും പിന്നോക്കം നിൽക്കുന്ന ബഥനി സഭയ്ക്ക് ഈ ലക്ഷ്യം നേടി യെടുക്കുന്നതിന് വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു.

പരിശുദ്ധാത്മ പ്രചോദനത്താൽ രൂപീകരിക്കപ്പെട്ട ഈ സന്യാസി പ്രസ്ഥാനത്തിന്റെ കാലാനുസൃതമായ ദർശനവ ളർച്ചയ്ക്ക് സാധ്യതയേറി, ഒരു ദൈവികനിയോഗമെന്ന നില യിൽ അതിന് ഒരു വിളിയുണ്ടായി.

**എംഡിബിർ രൂപതാദ്ധ്യക്ഷന്റെ കേരള സന്ദർശനം**

എംഡിബിർ രൂപതാദ്ധ്യക്ഷനായിരുന്ന ആബൂനെ മുസേ ഗബ്രെഗിയോർഗീസ് തിരുമേനിയുടെ 2008-ലെ കേരള സന്ദർശനമാണ് ഒരു ദൈവനിയോഗമെന്നതുപോലെ, ആഫ്രി ക്കൻ രാജ്യങ്ങളിലും പോയി സുവിശേഷമറിയിക്കുക എന്ന ബഥനിയുടെ ആഗ്രഹത്തിന് വാതിൽ തുറന്നു കൊടുത്തത്.

തന്റെ രൂപതയിൽ പ്രേഷിത പ്രവർത്തനം നടത്തുന്ന ബഥനി സിസ്റ്റേഴ്സിന്റെ അജപാലകനെന്ന നിലയിൽ അവ രുടെ അധികാരികളുമായി കൂടിക്കാഴ്ച നടത്തുക എന്ന ഉദ്ദേ ശ്യത്തോടുകൂടിയായിരുന്നു അദ്ദേഹം കേരളം സന്ദർശിച്ചത്. ഈ കാലയളവിൽ കോട്ടയം ബഥനി ആശ്രമം ജനറലേറ്റിലെ

അദ്ദേഹത്തിന്റെ താമസവും അന്നത്തെ സുപ്പീരിയർ ജനറലായിരുന്ന പെ.ബ.ജോർജ്ജ് തോമസ് അച്ചനുമായുള്ള സംഭാഷണത്തിൽ നിന്നും ബഥനി ആശ്രമത്തിന്റെ സവിശേഷ ദൗത്യത്തേയും വിളിയേയും കുറിച്ച് അദ്ദേഹം മനസ്സിലാക്കി. തന്റെ രൂപതയിൽ ബഥനി ആശ്രമത്തിന് വ്യതിരിക്തമായ മിഷൻ പ്രവർത്തനത്തിന് സാദ്ധ്യതകളേറെയാണെന്നും അദ്ദേഹം അപ്പോൾതന്നെ എംഡിബീർ രൂപതയിൽ ബഥനി ആശ്രമം സ്ഥാപിക്കണമെന്ന ആഗ്രഹം പ്രകടിപ്പിക്കുകയും അതിലേക്കുള്ള ഹാർദ്ദമായ ക്ഷണം അറിയിക്കുകയും ചെയ്തു. അദ്ദേഹം ആവശ്യപ്പെട്ടത് കുറെ വൈദികരെയോ സന്യസ്ഥരെയോ ആയിരുന്നില്ല, മറിച്ച് ബഥനി ആശ്രമത്തിന്റെ സ്ഥാപനമായിരുന്നു. മിശിഹാനുകരണ സന്യാസ സമൂഹത്തെ സംബന്ധിച്ചിടത്തോളം 'രോഗി ഇച്ഛിച്ചതും പാല് വൈദ്യൻ കല്പിച്ചതും പാല്' എന്ന ഒരു അനുഭവമായിരുന്നു അത്. സമൂഹത്തിന്റെ 'കമ്മ്യൂണിറ്റി ലൈഫ്' നഷ്ടപ്പെടുത്താതെ സുവിശേഷം പ്രഘോഷിക്കാനുള്ള സാദ്ധ്യതയായിരുന്നു അത്. എന്നാൽ ബഥനിയെ സംബന്ധിച്ചിടത്തോളം മലങ്കരയും, ഇന്ത്യയ്ക്കുപുറത്തും ഒരു ആശ്രമസ്ഥാപനമെന്നത് ഒരു പുതിയ കാൽവയ്പായതിനാൽ അടുത്ത ജനറൽ സിനാക്സിസ് ചർച്ച ചെയ്ത് അദ്ദേഹത്തിന്റെ ക്ഷണത്തിന്റെ മറുപടി അറിയിക്കാമെന്ന് ജനറാൾ അച്ചൻ സൂചിപ്പിച്ചു.

18-ാം ജനറൽ സിനാക്സിസിന്റെ അജൻഡകളിൽ മുഖ്യ സ്ഥാനം എത്യോപ്യൻ മിഷനായി മാറി. സിനാക്സിസ് അംഗങ്ങൾ ഐക്യകണ്ഠേന ഇതിനെ സ്വാഗതം ചെയ്യുകയും പുതിയ ജനറാളായി തെരഞ്ഞെടുക്കപ്പെട്ട പെ.ബ.ജോസ് മരി

യദാസ് ഒ.ഐ.സി അച്ചനേയും കൗൺസിലറായി തെരഞ്ഞെടുക്കപ്പെട്ട ബഹു.ജയിംസ് പുതുപ്പറമ്പിൽ ഒ.ഐ.സി അച്ചനേയും കൂടുതൽ പഠനം നടത്താൻ നിയോഗിച്ചു.

2009 മാർച്ച് അവസാന ആഴ്ച അവർ എത്യോപ്യ സന്ദർശിക്കുകയും അപ്പസ്തോലിക ന്യൂൺഷ്യോ അഭിവന്ദ്യ ജോർജ്ജ് പാനിക്കുളം പിതാവിനേയും എത്യോപ്യൻ കത്തോലിക്കാസഭയുടെ മേലദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് ബർഹാനേയേസൂസ് ഡി.സുറാഫേൽ പിതാവുമായി കൂടിക്കാഴ്ച നടത്തുകയും എംഡിബിർ രൂപത സന്ദർശിച്ച് സാദ്ധ്യതാ പഠനം നടത്തുകയും ചെയ്തു.

**ആദ്യ ആശ്രമം – എംഡിബിർ**

2009 സെപ്റ്റംബർ 20, ബഥനിയുടെ ചരിത്രഗതിയെ മാറ്റിക്കുറിച്ച സുദിനമായിരുന്നു. അന്നാണ് ബഥനി ഭാരതത്തിന്റെ അതിർത്തികൾ കടന്ന് മിഷൻ പ്രവർത്തനത്തിനായി എത്യോപ്യയെന്ന ആഫ്രിക്കൻ രാജ്യത്ത് ആദ്യ ആശ്രമം സ്ഥാപിച്ചത്. സഭാ ചരിത്രത്തിലാദ്യമായാണ് ഒരു പൗരസ്ത്യ സന്യാസസമൂഹം, മറ്റൊരു പൗരസ്ത്യ സഭയിൽ മിഷൻ പ്രവർത്തനങ്ങൾക്കായി വൈദികരെ അയക്കുന്നത്. അത് കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ അനിതരസാധാരണമായ സംഭവം ബഥനിയിലൂടെ സാധിതമായി.

എംഡിബിർ രൂപതാദ്ധ്യക്ഷൻ ആബൂനെ മൂസേ തിരുമേനിയുടെ അനുമതിയോടെ മിശിഹാനുകരണ സന്യാസസമൂഹത്തിന്റെ അദ്ധ്യക്ഷൻ പെ.ബ.ജോസ് മരിയദാസ് അച്ചൻ ബഥനിയുടെ പ്രഥമ ആശ്രമം ഔദ്യോഗികമായി 2009

സെപ്റ്റംബർ 20-ാം തീയതി എത്യോപ്യയിൽ സ്ഥാപിച്ചു. എംഡിബിർ രൂപത ബഥനി ആശ്രമസ്ഥർക്കു വേണ്ടി താല്ക്കാലികമായി ഒരു കെട്ടിടം ആശ്രമമായി കൂദാശ ചെയ്യു കയും ചെയ്തു. ഇത് എംഡിബിറിലെ യെറാസെബ് (Erezeb) എന്ന വില്ലേജിലാണ് സ്ഥിതി ചെയ്യുന്നത്.

ആശ്രമത്തിന്റെ അന്തരീക്ഷം നിലനിർത്താൻ തക്ക വണ്ണം കെട്ടിടത്തിനോടനുബന്ധിച്ച് 3 ഹെക്ടർ സ്ഥലം ആശ്ര മസ്ഥരുടെ കൃഷി, മുതലായവയ്ക്കായി രൂപത വിട്ടുതരികയും ചെയ്തു.

ബഹു. ഫാ. എബി എബ്രഹാം ഒ.ഐ.സി സുപ്പീരിയർ ആയും ബഹു. ഫാ.  ഡാനിയേൽ മണ്ണിൽ ഒ.ഐ.സി പ്രൊക്കു റേറ്ററായും ബഹു. ഫാ. ജോസഫ് അഞ്ചേരിൽ ഒ.ഐ.സി ആത്മീയ പിതാവായും നിയോഗിക്കപ്പെട്ടു.

ആശ്രമ അന്തരീക്ഷത്തിനും ചൈതന്യത്തിനും കോട്ടം തട്ടാതെയുള്ള പ്രവർത്തനങ്ങൾ മാത്രം ആശ്രമസ്ഥർ ഏറ്റെ ടുത്താൽ മതിയെന്നും ഒരു ‘എത്യോപ്യൻ ബഥനി’ ആശ്രമം ഇവിടെ സ്ഥാപിക്കണമെന്നും ഒരു ടെക്നിക്കൽ കോളേജ് സ്ഥാപിച്ച് യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ ഉണ്ടാ ക്കിക്കൊടുക്കണമെന്നും, രൂപതയുടെ ഭരണകാര്യങ്ങളിൽ നമ്മുടെ സഹായങ്ങൾ ഉണ്ടാകണമെന്നും മിഷൻ സാദ്ധ്യത കൾ കണ്ടെത്തി ആശ്രമത്തിന്റെ പ്രവർത്തനങ്ങൾ വളർത്ത ണമെന്നും അദ്ദേഹം കോൺഗ്രിഗേഷനുമായി ഉണ്ടാക്കിയ കരാറിൻപ്രകാരം പ്രഥമ മിഷണറിമാരെ ഉദ്ബോധിപ്പിച്ചു.

അതോടൊപ്പം സഭയെ എന്നും ശാക്തീകരിക്കുന്നത് സന്യാസ സമൂഹങ്ങളാണെന്നും ആ ദൗത്യം ഞങ്ങളുടെ

സഭയ്ക്ക് നിങ്ങളിലൂടെ ലഭിക്കണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

ബഥനി ആശ്രമസ്ഥരുടെ ജീവിതചര്യകളേയും പ്രവർത്തനങ്ങളേയും ആദ്യമായി സ്വാധീനം ചെലുത്തിയത് Yeraseb ഗ്രാമജനങ്ങളെ തന്നെയായിരുന്നു. വളരെ പാവപ്പെട്ട ജീവിതാവസ്ഥയിൽ കഴിയുന്ന ഇവർക്ക് ഭക്ഷണദൗർലഭ്യം, കുടിവെള്ളമില്ലായ്മ, നിരന്തര രോഗങ്ങൾ, ലഹരിവസ്തുക്കളുടെ അമിത ഉപയോഗം ഇവരെ കീഴ്പ്പെടുത്തിയിരുന്നു. സമയം തെറ്റിയുള്ള മഴ, കഠിന വരൾച്ച മുതലായവ ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും ഭൂമി കൈവശാവകാശമില്ലായ്മ, വർഗ്ഗസമരങ്ങൾ (tribal conflicts) തുടങ്ങിയ രാഷ്ട്രീയ, സാമൂഹ്യപ്രശ്നങ്ങളും ഈ ജനതയുടെ വളർച്ചയ്ക്ക് പ്രത്യേകിച്ച് ജീവിത ഗുണനിലവാരം വളർത്തുന്നതിന് തടസ്സമായിരുന്നു. ഇതു മനസ്സിലാക്കി 'ലോകത്തിന്റെ പ്രകാശമാകാൻ' വിളിക്കപ്പെട്ട ബഥാന്യർ അവിടെ ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനും ഈ ലോകത്തിൽ അവതരിച്ച മിശിഹായെ പ്രത്യേക ദൗത്യത്തിന് ഈ പ്രത്യേക സാഹചര്യത്തിൽ അനുകരിക്കയാണ് വേണ്ടതെന്നും മനസ്സിലാക്കി തങ്ങളുടെ പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകാൻ തുടങ്ങി.

58 കുടുംബങ്ങൾ ഉള്ള ഈ വില്ലേജിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക, വിശപ്പടക്കാൻ ലഹരി ഇലകൾ കഴിക്കുന്ന പാരമ്പര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ആദ്യത്തെ കാർഷിക പദ്ധതി സമാരംഭിച്ചു. മൂന്നു ഹെക്ടർ സ്ഥലം വിളഭൂമിയാക്കുകയും വില്ലേജിലുള്ള യുവജനങ്ങൾക്കും,

സ്ത്രീകൾക്കും കൃഷി, പശു, ആട് പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകുകയും ചെയ്തു. ഇന്ന് ഈ ഗ്രാമം ഭക്ഷ്യസുരക്ഷയ്ക്ക് ഒരു മാതൃകയായിരിക്കുക യാണ്. ഈ പദ്ധതിയുടെ ഭാഗമായിട്ടാണ് നെകംതേ, എംഡി ബിർ രൂപതകളിലെ പത്ത് ഗ്രാമങ്ങളിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.

വിശ്വാസ ശാക്തീകരണം, വിദ്യാഭ്യാസ പ്രവർത്തന ങ്ങൾ, ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ യുള്ള സുവിശേഷവൽക്കരണത്തിലാണ് ആശ്രമസ്ഥർ മുഖ്യ ശ്രദ്ധ പതിപ്പിച്ചത്. യെറാസെബ് ഗ്രാമത്തിലുള്ളവർ ക്രിസ്ത്യൻ, മുസ്ലീം, പ്രകൃതി ആരാധകർ- തുടങ്ങിയ മതവി ഭാഗത്തിൽപ്പെട്ടവർ ആയിരുന്നു. മതാന്തര സംവാദം, എക്യു മിനിസം, വിശ്വാസശാക്തീകരണം തുടങ്ങിയ സുവിശേഷവ ത്കരണമേഖലകളുടെ സാദ്ധ്യതകൾ കണ്ടറിഞ്ഞുള്ള പ്രവർത്തനങ്ങൾ ആശ്രമസ്ഥർ തുടങ്ങി. ക്രിസ്തുവിന്റെ സുവിശേഷത്തിന് ജാതിഭേദമോ, വർഗ്ഗഭേദമോ ഇല്ലെന്ന അനുഭവം ബഥാനിയൻ പ്രവർത്തനശൈലി ജനതകളെ ആകർഷിച്ചു എന്നു പറയാം. ജാതി, മത, വർഗ്ഗ വേർതിരിവു കളില്ലാതെ ആ ജനതയെ ഒരുമിപ്പിക്കുന്നതിന് ബഥനി മിഷ നറിമാർക്ക് സാധിച്ചു. ഓർത്തഡോക്സ് വിഭാഗക്കാരെ ഉൾച്ചേർത്ത് നടത്തിയ കൺവൻഷൻ, എത്യോപ്യൻ ചരിത്ര ത്തിലെ തന്നെ ഒരു അസാധാരണസംഭവമായി കാണാവു ന്നതാണ്. പത്തുവർഷം പിന്നിടുന്ന എംഡിബിർ മിഷൻ അതിന്റെ പ്രവർത്തനങ്ങളെ പിന്നോട്ടു തിരിഞ്ഞുനോക്കു മ്പോൾ ഒരു ഭ്രമണം പൂർത്തിയാക്കിയ ചാരിതാർത്ഥ്യമുണ്ട്.

ആഴ്ചതോറും ഭവനങ്ങളിൽ നടക്കുന്ന പ്രാർത്ഥനായോഗങ്ങളും മാസംതോറും ആശ്രമത്തിൽ വച്ചു നടക്കുന്ന പ്രാർത്ഥനസമ്മേളനവും ഗ്രാമവാസികളുടെ ആത്മീയവളർച്ചയുടെ ആശ്രമസ്ഥരോടുള്ള ഹൃദ്യമായ ഇടപെടലിനു അതുവഴിയായി പരസ്പരം മനസ്സിലാക്കുന്നതിനും ഓരോരുത്തരുടേയും പോരായ്മകളെ മനസ്സിലാക്കി ആത്മീയ, ഭൗതിക, സഹായം നൽകി വളർത്താനും ബഥാനിയർക്ക് സാധിക്കുന്നു. സാമ്പത്തിക പരാധീനതയും എന്നാൽ പഠനത്തിൽ മികവു കാട്ടുകയും ചെയ്തിരുന്ന ഏതാനും ആൺകുട്ടികളെ ആശ്രമത്തിൽ താമസിപ്പിച്ചുകൊണ്ട് ശ്രേഷ്ഠമായ വിദ്യാഭ്യാസം നൽകുന്നതിലേക്ക് ബഥാനിയർ ശ്രദ്ധ വച്ചു. ഒരു apostolic student community എന്ന ആശയം മുന്നിൽ കണ്ടുകൊണ്ടായിരുന്നു ഈ കാൽവയ്പ്. നമ്മുടെ പരിശീലനത്തിലൂടെ ഈ കുട്ടികൾ ബഥനി ബോയ്സ് എന്ന് സ്കൂളുകളിലും പള്ളികളും അറിയപ്പെടാൻ കാരണമായി. അവരുടെ മികവാർന്ന പഠനനിലവാരവും ശുചിത്വവും ജീവിതക്രമവും മറ്റുകുട്ടികൾക്കും അദ്ധ്യാപകർക്കും ഒരു പ്രചോദനമായിരുന്നു. എത്യോപ്യയിലെ വിവിധ സർവ്വകലാശാലകളിൽ നമ്മുടെ കുട്ടികൾ പഠനം നടത്തുകയും എതാനും കുട്ടികൾക്ക് ജോലി ലഭിക്കുകയും ചെയ്തു.

ഈ കുട്ടികളുടെ ഇടയിൽ നിന്ന് രണ്ടു കുട്ടികൾക്ക് ദൈവവിളിയോട് താത്പര്യമുണ്ടാവുകയും ആശ്രമ ജീവിത പരിശീലനത്തിലേക്ക് പ്രവേശിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ കൃത്യമായ പരിശീലനപദ്ധതിയുടേയും അതിനായി നിയോഗിക്കപ്പെടാൻ നമ്മുടെ വൈദിക

രുടെ കുറവും മറ്റ് മിഷൻ പ്രവർത്തനങ്ങളുടെ ബാഹുല്യവും നിമിത്തവും ഈ പദ്ധതി കാര്യമായി ഇതുവരെ പുരോഗമിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം ഒരു നൊമ്പരമായി ഇന്നും നിലകൊള്ളുന്നു.

ഇടവകകളിൽ നടത്തിവരുന്ന BBS (in Amharic) ആശ്രമത്തിൽ നടത്തിവരുന്ന TOC, come & see തുടങ്ങിയ ദൈവവിളി പ്രോത്സാഹന സംവിധാനങ്ങൾ ഒരു പരിധിവരെ കാര്യക്ഷമമായി നടത്താൻ കഴിയുന്നു. ഇപ്പോൾ നിലവിൽ വന്ന ഇടവക സംവിധാനത്തിലൂടെ നമ്മുടെ എല്ലാ ഇടവകകളിലും മറ്റു ഇടവകകളിലും BBS നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

ബഥനി ആശ്രമസ്ഥരുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ആന്റണീസ് TVETകോളേജിലൂടെ അഞ്ഞൂറിൽ അധികം യുവജനങ്ങൾ സാങ്കേതിക വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കി. യെറാസബ് വില്ലേജിലെ എല്ലാ കുടുംബങ്ങളും ഭക്ഷ്യസുരക്ഷ ഉറപ്പാക്കി. യുവജനങ്ങളുടേയും കുട്ടികളുടേയും വിദ്യാഭ്യാസനിലവാരം 100% ആയി ഉയർത്താൻ സാധിച്ചു. രണ്ടു കുടുംബങ്ങൾ മിഷനറിമാരുടെ പ്രവർത്തനത്തിൽ ആകൃഷ്ടരായി കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു.

**എംഡിബിറിൽ നിന്ന് വിടവാങ്ങൾ**

സുവിശേഷത്തിന്റെ വെളിച്ചം കത്തിച്ചുവച്ച്, യോഗ്യരാക്കി, തദ്ദേശീയർക്ക് തങ്ങളുടെ പ്രവർത്തനങ്ങളുടെ തുടർച്ച ഏൽപ്പിച്ചിട്ട് ബഥനി ആശ്രമസ്ഥർ പുതിയ മേച്ചിൽ പുറങ്ങളിലേക്ക് യാത്രയായി.

## ഗോറു മിഷൻ (ആശ്രമം)

2011 ജൂൺ മാസം പെ.ബഹു.ജനറാൾ അച്ചൻ കാനോനിക സന്ദർശനം നടത്തുകയും ബഥനി ആശ്രമസ്ഥരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. കരാറിൻപ്രകാരം ബഥനിക്ക് അതിന്റെ സ്വതന്ത്രനിലയിൽ പ്രവർത്തിക്കാൻ തക്കവണ്ണം രൂപതയുടെ ഏതെങ്കിലുമൊരു ഭാഗത്ത് ആശ്രമം സ്ഥാപിക്കാൻ പിതാവ് അനുവാദം തന്നിട്ടുണ്ടായിരുന്നു. ഗുഞ്ചിറേ, ഗച്ചേ, തുലുബുലു, ഗോറു തുടങ്ങിയ പ്രദേശങ്ങൾ പിതാവ് അഭിപ്രായപ്പെടുകയും ബഥാനിയർ ഓരോ പ്രദേശങ്ങളിലെ സാദ്ധ്യതകളേയും പോരായ്മകളെയും കുറിച്ച് പഠനം നടത്തുകയും ഗോറു എന്ന സ്ഥലത്ത് ആശ്രമം സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

എംഡിബിർ ആശ്രമത്തെ അവിടേയ്ക്ക് മാറ്റി സ്ഥാപിക്കാനായിട്ടാണ് പദ്ധതി ഇട്ടതെങ്കിലും ആ പ്രദേശത്തെ ആശ്രമസ്ഥരുടെ പ്രവർത്തനം കുറെനാൾകൂടി വേണമെന്ന തിരുമേനിയുടെയും ആദ്യ ആശ്രമ അംഗങ്ങളുടേയും അഭ്യർത്ഥന മാനിച്ച് എംഡിബിറിനെ കൂടാതെ ഗോറുവിൽ ഒരു ആശ്രമം സ്ഥാപിക്കാൻ തീരുമാനിച്ചു. രണ്ട് ആശ്രമങ്ങൾ വരികയാൽ പുതിയ അംഗങ്ങൾ ആവശ്യമാണെന്നും ഒരു മിഷ്യൻ സുപ്പീരിയറിന്റെ കീഴിൽ ഭരണസംവിധാനം ക്രമപ്പെടുത്തണമെന്നും അഭിപ്രായമുണ്ടായി.

2011, ജൂൺ 14,ന് മിഷൻ ഗോറുവിലേക്ക് കൂടി വിശാലമാക്കിക്കൊണ്ട് പുതിയ ഉടമ്പടി ഒപ്പുവയ്ക്കപ്പെട്ടു. ഈ ഉടമ്പടി 2011, ആഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വരുന്ന പ്രകാ

രമായിരുന്നു ക്രമപ്പെടുത്തിയിരുന്നത്. ഇതിൻപ്രകാരം 2012, ഡിസംബർ 12 ന് പുതിയ ആശ്രമത്തിന്റെ ശിലാസ്ഥാപന ആശീർവാദം അഭിവന്ദ്യ തിരുമേനി നിർവ്വഹിക്കുകയും ബഹു. എബി അച്ചൻ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

ഫെബ്രുവരി 9,2014–ഗോറു ആശ്രമം ജനറൽ കൗൺസിലിന്റെ തീരുമാനപ്രകാരം ഒരു ഡിക്രിയിലൂടെ വിളംബരം ചെയ്യുകയും അന്നേദിവസംതന്നെ വി.കൊച്ചുത്രേസ്യായുടെ നാമത്തിൽ ഗോറു ബഥനി ആശ്രമം, അഭിവന്ദ്യ വർഗ്ഗീസ് തോട്ടംകര CM (Apostolic Vicar of Nekemte) പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ മൂസേ പിതാവിന്റെ സഹകാർമ്മികത്വത്തിലും നിർവ്വഹിക്കപ്പെട്ടു. ബഹു.ഡാനിയേൽ മണ്ണിൽ ഒ.ഐ.സി. അച്ചനെ ആദ്യസുപ്പീരിയർ ആയും ബഹു. ബ്രദർ ബോണിഫസ് മാത്യു മഠത്തിപ്പറമ്പിൽ ഒ.ഐ.സി.യെ അംഗമായും നിയമിച്ചു.

10–04–2014 ൽകൂടിയ ജനറൽ കൗൺസിൽ എത്യോപ്യൻ മിഷനുവേണ്ടി ഒരു ഗൈഡ്ലൈൻ രൂപീകരിക്കുകയും 2014 ഏപ്രിൽ 14–ന് ബഹു.എബി അച്ചനെ മിഷൻ സുപ്പീരിയർ ആയി നിയമിക്കുകയും ചെയ്തു.

രൂപതയുമായുള്ള കരാറിൻ പ്രകാരം ബഥനി ആശ്രമത്തിന് സ്വന്തമായി ആശ്രമം സ്ഥാപിക്കാൻ ഗോറുവിൽ ഏകദേശം 1.5 ഹെക്ടർ സ്ഥലം രൂപത നൽകുകയും ആശ്രമസ്ഥരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ ഗ്രാമവാസികൾ സർക്കാരിനോട് ആവശ്യപ്പെട്ട് ബഥനിക്കായി കുറെ കൂടി സ്ഥലം സംലഭ്യമാക്കി. അങ്ങനെ ഗോറു ആശ്രമത്തിനോട് ചേർന്ന് ഇപ്പോൾ 3.41 ഹെക്ടർ സ്ഥലവും, സ്കൂൾ,

(പോഷക ആഹാരക്കുറവുള്ള കുട്ടികൾക്കായി) കുടിവെള്ള പദ്ധതി തുടങ്ങിയ വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങൾ നടന്നുവരുന്നു.

268 കുട്ടികൾ നമ്മുടെ സ്കൂളിൽ ഇപ്പോൾ സൗജന്യമായി വിദ്യ അഭ്യസിച്ചു വരുന്നു. ഗോറു ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങളും നമ്മുടെ കുടിവെള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ ആണ്. ഇവരുടെ ജീവിത നിലവാരത്തിലുള്ള മാറ്റം നമുക്ക് ചാരിതാർത്ഥ്യം നൽകുന്നു.

**ഗുമ്മൂസ് മിഷൻ: (ഗലിയറോഗഡ മിഷൻ)**

പ്രകൃതി ആരാധകരായ ഗുമ്മൂസ് എന്ന ജനവിഭാഗം എത്യോപ്യയുടെ വിവിധ പ്രദേശങ്ങളിൽ പാർക്കുന്നുണ്ട്. എത്യോപ്യയിലെ ആകെ ജനസംഖ്യയുടെ ഏതാണ്ട് 4–5% വരെ ഗുമ്മൂസ് വർഗ്ഗക്കാരാണ്. സാമ്പത്തികമായും സാമൂഹികമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ ജനസമൂഹം ഇപ്പോഴും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്നിട്ടില്ല. 2011–ൽ ഗലിയറോഗഡ എന്ന പ്രദേശത്ത് അധിവസിക്കുന്ന ഗുമ്മൂസ് വർഗ്ഗത്തിനുണ്ടായ അതിദാരുണമായ കെടുതികളാണ് ബഥനി മിഷനറിമാരെ അവിടേക്ക് പോകാൻ പ്രേരിപ്പിച്ചത്.

പെട്ടെന്നുണ്ടായ പകർച്ചവ്യാധിമൂലം രണ്ടാഴ്ചക്കുള്ളിൽ 70 പേരോളം മരണപ്പെടുകയും ആരാലും പരിചരിക്കപ്പെടാതെയുമിരുന്ന ആ സാഹചര്യത്തിൽ ഭാരതത്തിൽനിന്നുള്ള സെന്റ്.ആൻസ് സിസ്റ്റേഴ്സിന്റെ നഴ്സിംഗ് സഹായം രൂപത ആവശ്യപ്പെടുകയും അവരോടൊന്നിച്ചുള്ള ബഥാനിയരുടെ

ഗലിയറോഗഡ സന്ദർശനവുമാണ് ഈ മിഷൻ ഏറ്റെടുക്കാൻ ഉണ്ടായ സാഹചര്യം.

എത്യോപ്യയിലെ പരമ്പരാഗത ക്രൈസ്തവ കൂട്ടായ്മയിൽ നിന്നുണ്ടായ സ്വാധീനത്താൽ ക്രിസ്തുമത വിശ്വാസികളല്ലെങ്കിലും കുട്ടികളെ അടുത്തുള്ള ദേവാലയത്തിൽ കൊണ്ടുപോയി മാമോദീസാമുക്കുന്ന പാരമ്പര്യം ഗുമ്മൂസ് വർഗ്ഗക്കാരിൽ ഉണ്ട്. മാമോദീസ സ്വീകരിക്കാതെ മരിക്കുന്ന കുട്ടികൾ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല എന്ന വിശ്വാസം ഇവരിൽ രൂഢമൂലമാണ്. ബഥനി മിഷനറിമാരുടെ പ്രവർത്തനത്തിൽ ആകൃഷ്ടരായ ഇവർ തങ്ങളുടെ കുഞ്ഞുങ്ങളെ മാമോദീസാ മുക്കണമെന്ന ആവശ്യം ഉന്നയിച്ചു. തുടർന്ന് മുതിർന്നവരും വിശ്വാസത്തിൽ വളരാൻ  മിഷനറിമാർ പ്രേരിപ്പിക്കുകയും അവർ അത് സ്വീകരിക്കുകയും ഇക്കാര്യം രൂപതാമെത്രാനെ  അറിയിക്കുകയും അങ്ങനെ അവർക്കായി ഒരു ദേവാലയം വി.മിഖായേലിന്റെ നാമത്തിൽ 2018, നവംബർ 17 –ാം തീയതി കൂദാശ ചെയ്യപ്പെടുകകുയം ചെയ്തു.

ഗലിയറോഗഡ പ്രദേശത്ത് ബഥനി മിഷനറിമാരുടെ സമൂലമായ മാറ്റം ജീവിതക്രമത്തിലും രൂപപ്പെട്ടു.

എല്ലാവരും അകറ്റപ്പെട്ട് ഒറ്റയ്ക്കു കഴിഞ്ഞിരുന്ന ഗുമ്മൂസ് വർഗ്ഗക്കാർക്ക് ഒരു വ്യക്തിത്വം ഉണ്ടാക്കിക്കൊടുക്കാൻ ബഥാനിയർക്ക് സാധിച്ചു. അന്ധവിശ്വാസത്തിലുണ്ടായ അനാശ്യാസങ്ങളേയും  വർഗ്ഗചേരിതിരിവുമൂലമുണ്ടായ അടിച്ചമർത്തലിൽനിന്നുമൊക്കെ ഈ ജനത ഇന്ന് മോചനം പ്രാപിച്ചുവരുന്നു.

പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന ശിശുമരണനിരക്ക് ഗണ്യമായി കുറഞ്ഞതും ക്രിമിനൽ പ്രവർത്തനങ്ങളിൽ നിന്നു പിന്തിരിഞ്ഞ് പ്രത്യാശയോടെ ജീവിക്കുന്ന-ജീവിത ലക്ഷ്യത്തെ മുൻനിർത്തി അധ്വാന ശീലരായി തീർന്ന് സ്വയം നിലനിൽപ്പിന്റെ ആദ്യപാഠങ്ങൾ അവർ കണ്ടെത്തിയതും പ്രാദേശിക സർക്കാർതന്നെ ബഥനി മിഷനറിമാരുടെ പ്രവർത്തനഫലമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

മുണ്ടൻ മലയിലെ ബഥനിയുടെ മിഷനറിസ്വഭാവം എപ്രകാരം മലങ്കരയുടെ ആദ്ധ്യാത്മിക നവീകരണത്തിന് കാരണമായോ അപ്രകാരം തന്നെ എത്യോപ്യയിലെ ബഥനി മിഷൻ വലിയ ഒരു ചലനം എംഡിബിർ രൂപതയിൽ ഉണ്ടാക്കി. ബഥനി മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ സംതൃപ്തനായ രൂപതാ അദ്ധ്യക്ഷൻ ഗാഗുറാബോറ എന്ന സ്ഥലത്തെ താഴെത്തട്ടിൽ ജീവിക്കുന്ന ഒരു പറ്റം മനുഷ്യരുടെ അജപാലന ശുശ്രൂഷകൂടി ബഥനി വൈദികരെ ഭരമേൽപ്പിച്ചു. മാത്രമല്ല വൊളീസോ എന്ന ഒരു പുതിയ വൈദികജില്ല രൂപീകരിച്ചുകൊണ്ട് നേതൃത്വം ബഥനി വൈദികരെ ഏൽപ്പിച്ചു. ഇതിൻപ്രകാരം 2019, മെയ് 17-ാം തീയതി ബഹു.ജോബ് ഡാനിയേൽ അച്ചനെ ഈ പ്രദേശത്തിന്റെ സിഞ്ചല്ലൂസ് ആയി നിയമിച്ചു. ബഥനിയുടെ ശതാബ്ദി വർഷത്തിൽ അതിനു ലഭിച്ച വലിയ ഒരംഗീകാരമാണിത്. മിഷൻ ചൈതന്യമെന്ന സ്ഥാപിത ചൈതന്യം ബഥനി ഇന്നും അതിന്റെ മക്കളിലൂടെ തുടർന്നു കൊണ്ടുപോകുന്നതിന്റെ തെളിവാണിത്.

ഗോറു ആശ്രമത്തിൽ ബഹു.ജോബ് ഡാനിയേൽ അച്ചൻ സുപ്പീര്യറായും ബഹു.റജി സൈമൺ ഒ.ഐ.സി അച്ചൻ

പ്രൊക്യുറേറ്റർ ആയും ബഹു.ജോഷ്വാ ഇടക്കടമ്പിൽ ഒ. ഐ.സി അച്ചൻ സ്കൂൾ ഡയറക്ടറായും സേവനം അനുഷ്ഠിക്കുന്നു.

ദർശനപരമായ ഒരു അടിത്തറ ഏതൊരു പ്രസ്ഥാനത്തിനും ആവശ്യമാണ്. “നിങ്ങൾ ഒരു എത്യോപ്യൻ ബഥനി ആശ്രമം സ്ഥാപിക്കണം” ഇതായിരുന്നു ആബൂനെ മൂസെ പിതാവിന്റെ ആഗ്രഹം. ദേശീയമായ രീതിയിൽ സുവിശേഷം പ്രഘോഷിക്കപ്പെടണമെന്നുള്ള ഈവാനിയൻ ദർശനത്തോടുചേർന്നു നിൽക്കുന്ന ഒരു ആഹ്വാനമായിരുന്നു അത്. മാർ ഈവാനിയോസിന്റെ ദർശനത്തിന്റെ ഈ സാർവ്വജനിതതയെ എത്യോപ്യൻ മണ്ണിൽ എങ്ങനെ ഫലപൂഷ്ഠമാക്കാമെന്ന് പഠനങ്ങളും മറ്റും നടത്തണമെന്ന ആശയം പ്രബലപ്പെട്ടുവന്നു. മാത്രമല്ല എത്യോപ്യൻ മലങ്കര ദൈവശാസ്ത്രസംവാദങ്ങളും സഭയുടെ കാതോലികതയ്ക്കു കൊടുക്കുന്ന ശാക്തീകരണവും, പുനരൈക്യദർശനത്തിന്റെ അനന്യമായ മറ്റൊരു ഫലമണിയലാണെന്നും മറ്റുമുള്ള ചിന്തകളുണ്ടായി. സഭ അതിന്റെ സ്വഭാവത്താൽ തന്നെ മിഷനറിയാണെന്നും മലങ്കര സഭയുടെ മിഷൻ സ്വഭാവം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ലോകാർതിർത്തിയോളമെത്തിക്കാൻ അതിന്റെ പിള്ളത്തൊട്ടിലായ ബഥനിക്ക് അനിതരസാധാരണമായി കിട്ടിയ വിളിയാണെന്നും അതിലൂടെ മലങ്കര സഭയും മിഷണറിമാരുടെ പ്രവർത്തനഫലം അനുഭവിക്കുന്ന സഭയും ഒരുപോലെ ശക്തിപ്പെടുകയുമാണെന്നുള്ള പാഠവും അനുഭവവും മിഷണറിമാർ ആർജ്ജിച്ചു. ഇതിന് ഒരു തുടക്കമെന്ന നിലയിൽ “The concept of Sanyasa & Mission: an Ivanian

perspective under its universal implications in the contact of Ethiopian church” എന്ന വിഷയത്തിൽ എബിയച്ചൻ L.Th പഠനത്തിന്റെ ഭാഗമായി പ്രബന്ധം തയ്യാറാക്കുകയും അഭിവന്ദ്യ ആബൂനേമൂസേ പിതാവ് പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

എത്യോപ്യയിൽ മേജർ സെമിനാരിയും BVP പൂനയും തമ്മിൽ ഔദ്യോഗികമായ ഒരു ദൈവശാസ്ത്ര പങ്കുവയ്ക്കലിനും വളർച്ചയ്ക്കും സഹായകമാകും വിധത്തിലുള്ള ഒരു colloboration ഉണ്ടാക്കണമെന്ന ആശയം പ്രബലപ്പെട്ടുവന്നു. അതിൻപ്രകാരം BVP നടത്തുന്ന അന്തർദേശീയ കൊളോക്കിയത്തിൽ എത്യോപ്യൻ ദൈവശാസ്ത്രജ്ഞന്മാരുടെ സ്ഥാനം ഉറപ്പുവരുത്തുകയും ചെയ്തു. അതോടൊപ്പം ഇപ്പോൾ ബഥനിയിലെ മൂന്നുവൈദികർ ബഹു. വർഗീസ് വിജയാനന്ദ് ഒ.ഐ.സി. അച്ചൻ, ബഹു. വർഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി. അച്ചൻ, ബഹു. എബി എബ്രഹാം ഒണയാറ്റുകുഴിയിൽ ഒ.ഐ.സി. അച്ചൻ എന്നിവർ എത്യോപ്യയിലെ മേജർ സെമിനാരിയിൽ പഠിപ്പിക്കുന്നു.

മിഷണറിമാർക്കുള്ള ധ്യാനക്ലാസുകൾക്കും പഠനശിബിരങ്ങൾക്കും ആശ്രമസ്ഥർ നേതൃത്വം കൊടുക്കുന്നു. നെകംതേ വികാരിയേറ്റിലെ സന്യസ്തരുടെ ഡീൻ ആയി ബഹു.അഗസ്റ്റിൻ കാവുങ്കലച്ചൻ നിയോഗിക്കപ്പെടുകയും ശക്തമായ നേതൃത്വം അതിന് നൽകുകയും ചെയ്യുന്നു. പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയ ഒരു പ്രാർത്ഥനാ പുസ്തകം അച്ചടിച്ച് എല്ലാ ഭവനങ്ങളിലും സംലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

**കുടിവെള്ള പദ്ധതി (മഴജലസംഭരണിയും കുടിവെള്ള പദ്ധതിയും)**

കുടിവെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ബഹു.ഡാനിയേൽ മണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ ചെലവു കുറഞ്ഞ മഴജലസംഭരണികൾ രൂപതയുടെ വിവിധ ഭാഗങ്ങളിലും പ്രത്യേകിച്ച് യറേസബ് വില്ലേജിലും ജനപങ്കാളിത്തത്തോടെ വിജയകരമായി നിർമ്മിച്ചുവരുന്നു. ഈ പദ്ധതി നെകംതേ വികാരിയേറ്റിലേക്കും വ്യാപിപ്പിച്ച് ലഗമാര പ്രദേശത്തു നിർമ്മിച്ചു.

**സിറേ ആശ്രമം**

മിഷണറിമാരെ ലോകത്തിന് എന്നും ആവശ്യമാണ്. കാലാനുസൃണം, കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് സുവിശേഷമേകുവാനുള്ള പ്രത്യേക വിളിയാണവർക്കുള്ളത്. ആഡിഗ്രാത്ത് ജിമ്മ-ബോംഗാ, നെക്കംതേ തുടങ്ങിയ രൂപതാദ്ധ്യക്ഷന്മാർ ബഥനി ആശ്രമസ്ഥരെ മിഷൻ വേലക്കായും അവരുടെ പ്രദേശത്ത് ബഥനി ആശ്രമം സ്ഥാപിക്കാനുമായി ക്ഷണിച്ചു. ഈ അഭ്യർത്ഥനയെ 19-ാം സിനാക്സിസ് മുമ്പാകെ വയ്ക്കുകയും ആശ്രമത്തിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്ത് നെക്കംതേ വികാരിയേറ്റിലെ സിറേ മിഷൻ ഏറ്റെടുക്കാൻ തീരുമാനിക്കുകയും ചെയ്തു. 2017 ജൂലൈ മാസത്തിൽ ആശ്രമം കൂദാശ ചെയ്ത് മിഷൻ പ്രവത്തനം ആരംഭിച്ചു. ഇത് ബഥനിയുടെ ചരിത്രത്തിലെ മറ്റൊരു അദ്ധ്യായം കുറിച്ചു. ആദ്യമായിട്ടാണ് ബഥനി ആശ്രമം ഒരു ലത്തീൻ രൂപതയിൽ/ വികാരിയേറ്റിൽ നൈയാമികമായി ആശ്രമം

സ്ഥാപിച്ച് രൂപതയ്ക്കായി അജപാലന കർമ്മവും മിഷൻപ്ര വർത്തനവും നടത്തുന്നത്.

ആഗോളസഭയുടെ കാതോലികത്വത്തേയും സഭാകൂട്ടായ്മയുടെ വിശാലമാനത്തേയും ഒരിക്കൽകൂടി ഈ സംഭവത്തിലൂടെ ബഥനി ലോകത്തോട് പ്രഘോഷിക്കുകയായിരുന്നു. സഭൈക്യപ്രവർത്തനങ്ങൾക്ക് പുനരൈക്യത്തിലൂടെ പുതിയ കാഴ്ചപ്പാട് നൽകുകയും പാശ്ചാത്യ പൗരസ്ത്യ സഭകളുടെ ഒരുമിച്ചുള്ള പ്രവർത്തനം സഭയുടെ സുവിശേഷവേലയെ ശക്തിപ്പെടുത്തുമെന്നും ഭിന്നിച്ചുനിൽക്കുന്ന സഭകൾക്ക് ക്രിസ്തുദർശനം ലോകത്തിന് അതിന്റെ പൂർണ്ണ അർത്ഥത്തിൽ നൽകാൻ കഴിയില്ലെന്നും മുൻകൂട്ടി കണ്ട ക്രാന്തദർശിയായ മാർ ഈവാനിയോസിന്റെ ദർശനത്തിന്റെ മറ്റൊരു പൂവണിയലായിരുന്നു ഇത്.

മൂന്ന് ഇടവകകൾക്ക് നേതൃത്വം കൊടുക്കുന്നതോടൊപ്പം ബഥനി വൈദികർ വിദ്യാഭ്യാസ മേഖല, മാനുഷിക വിഭവശേഷി വളർച്ച, ആതുര സേവനം തുടങ്ങിയ മേഖലകളിലൂടെ സുവിശേഷ വെളിച്ചം നൽകുന്നു.

പോഡോകൊണോസിസ് രോഗികളുടെ ഇടയിലുള്ള ബഥനിയുടെ മിഷൻ രംഗം അനേകായിരങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നു. ജനശ്രദ്ധ പിടിച്ചു പറ്റിയ ഒരു ശുശ്രൂഷ മേഖലയാണിത്. മണ്ണിലെ രാസവസ്തുക്കളുടെ സംസർഗ്ഗം വഴിയായി കാലിൽ മന്തായിട്ട് പിന്നീട് വൃണമായി മാറുന്ന ഒരു രോഗമാണിത്. ഇതുവരെ മരുന്നു കണ്ടുപിടിച്ചിട്ടില്ലാത്ത ഈ രോഗത്തിന് പച്ചില മരുന്നു പ്രയോഗത്തിലൂടെ രോഗികൾക്ക് ആശ്വാസം നൽകുകയാണ്, ബഹു.അഗസ്റ്റിൻ

അച്ചന്റെ നേതൃത്വത്തിലുള്ള ബഥാനിയർ. കിലോമീറ്റർ അകലങ്ങളിൽ നിന്ന് രോഗികൾ ഈ സാന്ത്വനസ്പർശനത്തിനായി കടന്നുവരുന്നു. 2215–ൽ അധികം രോഗികൾ സിറെ ആശ്രമത്തിലെ രോഗി പരിചരണത്തിലൂടെ ആശ്വാസം നേടുന്നു.

**കാമാക്ഷി ആശ്രമം**

2018–ൽ നടന്ന സായുധ അട്ടിമറിയും ഗോത്രങ്ങൾ തമ്മിലുള്ള സ്പർദ്ധയും മൂലം നെകംതേ വികാരിയേറ്റിലെ കാമാക്ഷി മേഖല പൂർണ്ണമായും രൂപതാ അജപാലനത്തിൽനിന്ന് ഒറ്റപ്പെട്ടു. ഒരു വർഷക്കാലം യാതൊരുവിധത്തിലുള്ള ആരാധന സംവിധാനങ്ങളിൽ ഈ മേഖലയ്ക്ക് ലഭ്യമായില്ല. ആയതിനാൽ രൂപതാദ്ധ്യക്ഷൻ ബഥനി ആശ്രമസ്ഥരുടെ സഹായം അഭ്യർത്ഥിച്ചു. സങ്കീർണ്ണമായിട്ടുള്ള ഈ സാഹചര്യം മനസ്സിലാക്കിക്കൊണ്ട് ജനങ്ങളുടെ ആത്മീയ രക്ഷ നല്കുന്നതിനും പരസ്പരമുള്ള സ്പർദ്ധ അവസാനിപ്പിക്കുന്നതിനും അനുരഞ്ജനത്തിന്റെ മാർഗ്ഗം ആരംഭിക്കുന്നതിനുമായി ആശ്രമസ്ഥർ ഈ ദൗത്യം ഏറ്റെടുത്തു. ഏറെ പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് ധാരാളം പ്രേഷിത പ്രവർത്തനം നിർവ്വഹിക്കാൻ സാധിക്കും. ബഹു.എബി അച്ചനും, ബഹു. ജോൺ അച്ചനും ഇപ്പോൾ ഇവിടെ സേവനം അനുഷ്ഠിച്ചു വരുന്നു.

ശതാബ്ദിയുടെ നിറവിൽ നിൽക്കുന്ന നമുക്ക് ഇനിയും ഏറെദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. സ്ഥാപകപിതാവിന്റെ സിദ്ധി എപ്പോഴും ഊർജ്ജസ്വലതയോടെ വളർത്തി പരിപോഷിപ്പിക്കാൻ നാം കടപ്പെട്ടിരിക്കുന്നു. സമൂഹത്തിന്റെ പുതിയ

നൂറ്റാണ്ടിലേക്കും എത്യോപ്യയിലെ രണ്ടാം പതിറ്റാണ്ടിലേക്കും കടക്കുന്ന ഈ ശുഭമുഹൂർത്തത്തിൽ നമ്മുടെ സിദ്ധി വിവിധങ്ങളായ ശുശ്രൂഷാമേഖലകളിലൂടെ വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. തദ്ദേശീയരായിട്ടുള്ള വൈദിക വിദ്യാർത്ഥികളും അവരുടെ പരിശീലനവും ഇവാനിയൻ ദർശനത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമാണ്. അതോടൊപ്പം ഒരു പൊന്തിഫിക്കൽ സമൂഹം എന്നുള്ള നമ്മുടെ പ്രസക്തി ഒരു അന്തർദ്ദേശീയ സമൂഹമായി വളരുവാൻ നമ്മെ സഹായിക്കുന്നു. ബഥനി മൂന്നാം സഭയുടെ പ്രസക്തിയും ഭാരതത്തിന് പുറമേയുള്ള ഒരു റീജിയന്റെ സംസ്ഥാപനവും താമസിയാതെ യാഥാർത്ഥ്യമാക്കിക്കൊണ്ട് നിങ്ങൾ "ലോകത്തിന്റെ പ്രകാശമാകുന്നു" എന്നുള്ള ആപ്തവാക്യം പൂർത്തിയാക്കുവാൻ ഈ കാലഘട്ടം നമ്മെ ഏവരേയും സഹായിക്കട്ടെ.